**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 743** **29.05.2019 -ൽ മറുപടിക്ക്**

## തലശ്ശേരി പൈതൃക ടൂറിസം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.എൻ. ഷംസീർ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) തലശ്ശേരി പൈതൃക ടൂറിസം പദ്ധതിയുടെ ഭാഗമായി എന്തൊക്കെ കാര്യങ്ങൾ ആണ് ഇതുവരെ ചെയ്തിട്ടുള്ള തെന്ന് വ്യക്തമാക്കാമോ; | എ) തലശ്ശേരി പൈതൃക ടൂറിസം പദ്ധതിയുടെ ഭാഗമായി 4 പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയിരുന്നത്. ഇതിൽ "തലശ്ശേരി പിയർ ശിൽപ്പോദ്യാനവും ഭക്ഷ്യ വീഥിയുമായി വികസിപ്പിക്കൽ" എന്ന പദ്ധതിയിൽ പിയർ റോഡിന്റെ നവീകരണ പ്രവൃത്തികൾ, പഴയ ഫയർ ടാങ്ക് കൺസർവേഷൻ ആന്റ് താഴെ അങ്ങാടി ഹെറിറ്റേജ് സ്ട്രീറ്റ് എന്നീ 2 പദ്ധതികളുടെ പ്രവൃത്തികൾ പൂർത്തീകരണ ത്തിന്റെ അവസാനഘട്ടത്തിലാണ്. ഗുണ്ടർട്ട് ബംഗ്ലാ വിന്റെ നവീകരണ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. നാലാമത്തെ പദ്ധതിയായ മൊയ്തു പാലം നവീകരണവും സൗന്ദര്യവൽക്കരിക്കലും പദ്ധതിയ്ക്ക് പാലത്തിന് സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ് ലഭിക്കാത്തതിനാൽ പ്രവൃത്തി ആരംഭിക്കാൻ സാധിച്ചിട്ടില്ല. തലശ്ശേരി പൈതൃക ടൂറിസം പദ്ധതി തലശ്ശേരിയിൽ മാത്രം കേന്ദ്രീകരിക്കാതെ പൈതൃകവുമായി ബന്ധപ്പെടുന്ന മറ്റു പ്രദേശങ്ങളിലേക്കു കൂടി വ്യാപിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി 4 വ്യത്യസ്ഥ സർക്യൂട്ടുകളിലായി തയ്യാറാക്കിയ മാസ്റ്റർ പ്ലാനിന്റെ കരട് അപ്രൂവൽ കമ്മിറ്റി മുമ്പാകെ സമർപ്പിക്കുകയും ആവശ്യ മായ മാറ്റങ്ങൾ നിർദ്ദേശിച്ച് കമ്മിറ്റി ടി കരട് തത്വത്തിൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | ഈ പദ്ധതി പൂർത്തീകരണത്തിന് ഇനി എന്തൊക്കെ നടപടിക്രമങ്ങൾ ആണ് ഉള്ളതെന്നും ആയത് എന്ന് പൂർത്തീകരിക്കാനാകുമെന്നും വിശദീകരിക്കാമോ? | ബി) | തലശ്ശേരി പൈതൃക ടൂറിസം പദ്ധതിയുടെ ആദ്യ ഘട്ട പ്രവൃത്തിയിൽ ഉൾപ്പെട്ട പിയർ റോഡിന്റെ നവീകരണ പ്രവൃത്തികൾ, പഴയ ഫയർടാങ്ക് കൺസർവേഷൻ ആന്റ് താഴെ അങ്ങാടി ഹെറിറ്റേജ് സ്ട്രീറ്റ് എന്നിവയുടെ പൂർത്തീകരണം 2019 ജൂൺ 30 -ഓടെയും, ഗുണ്ടർട്ട് ബംഗ്ലാവിന്റെ നവീകരണ പ്രവൃത്തികൾ 2019 നവംബർ 30-ഓടെയും തീർക്കാൻ സാധിക്കുമെന്ന് നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്.<br><br>തലശ്ശേരി പൈതൃക ടൂറിസം പദ്ധതി തലശ്ശേരിയിൽ മാത്രം കേന്ദ്രീകരിക്കാതെ പൈതൃകവുമായി ബന്ധപ്പെടുന്ന മറ്റു പ്രദേശങ്ങളിലേക്കു കൂടി വ്യാപിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി 4 വ്യത്യസ്ഥ സർക്യൂട്ടുകളിലായി തയ്യാറാക്കിയ മാസ്റ്റർ പ്ലാനിന്റെ കരട്, അപ്രൂവൽ കമ്മിറ്റി മുമ്പാകെ സമർപ്പിക്കുകയും ആവശ്യമായ മാറ്റങ്ങൾ നിർദ്ദേശിച്ച് കമ്മിറ്റി ടി കരട് തത്വത്തിൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.